**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5072** **20-07-2022 - ൽ മറുപടിയ്ക്ക്**

**ഭൂ നികുതി ഈടാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിൽ മഞ്ചേരി വില്ലേജിലെ പല വ്യക്തികൾക്കും റീസർവ്വേ നടപടികളിലെ അപാകതകൾ കാരണം 2015 മുതൽ ഭൂ നികുതി അടയ്ക്കാൻ കഴിയുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | റീസർവ്വെ നടപടികളിൽ സംഭവിച്ച സാങ്കേതിക പിഴവുകൾ കാരണം മഞ്ചേരി വില്ലേജിൽ ബ്ലോക്ക് നമ്പർ 51 ൽ റീസർവ്വെ നമ്പർ 116, 118, 119, 88, 89, 91, 86 എന്നിവയിൽ എൽ.ആർ.എം കേസുകൾ തീർപ്പാക്കാൻ ബാക്കിയുള്ളതിനാൽ ചില വ്യക്തികൾക്ക് ഭൂനികുതി അടയ്ക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിലുള്ള പരാതി പരിഹരിച്ച് ഭൂനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സത്വര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | ആയതിലേയ്ക്ക് ഒരു സ്പെഷ്യൽ സർവ്വെ ടീമിനെ ചുമതലപ്പെടുത്തുന്നതിന് മലപ്പുറം സർവ്വേ ഡെപ്യൂട്ടി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുള്ളതും, ഇക്കാര്യത്തിൽ അടിയന്തിര തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ